## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1138 — 20/01/2014-ൽ മറുപടിക്ക്

### സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. ഗീതാ ഗോപി | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സ്കൂൾ യൂണിഫോം വിതരണ പദ്ധതിയനുസരിച്ച് യൂണിഫോം വാങ്ങുന്നതിന് ഹെഡ്മാസ്റ്റർ മാർക്ക് അധികാരമുണ്ടോ; | (എ) | അധികാരമുണ്ട്. |
| (ബി) | എങ്കിൽ ഇതിലേയ്ക്ക് സ്കൂൾ ഹെഡ്മാസ്റ്ററുമാർ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (ബി) | പ്രധാനാദ്ധ്യാപകൻ തന്റെ സ്കൂളിലെ അർഹരായ എല്ലാ വിദ്യാർത്ഥികളുടേയും യൂണിഫോം തുണിക്കുള്ള മൊത്തം അളവ് ശേഖരിക്കേണ്ടതും, അതിനുള്ള സപ്ലൈ ഓർഡർ കമ്പനികൾക്ക് നൽകുകയോ, ഗുണമേന്മ ഉറപ്പാക്കി പൊതു മാർക്കറ്റിൽ നിന്ന് വാങ്ങുന്നതിനോ നടപടി സ്വീകരിക്കേണ്ടതുമാണ്. ഇതിനായി വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നിർദ്ദേശങ്ങൾ പാലിച്ചിരിക്കേണ്ടതുമാണ്. |
| (സി) | സർക്കാർ നിർദ്ദേശിച്ച കമ്പനികളിൽ നിന്നല്ലാതെ യൂണിഫോം തുണി വാങ്ങുമ്പോൾ, തുണിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിലേയ്ക്ക് എന്തെല്ലാം നടപടികൾ സ്വീകരിക്കണമെന്നാണ് ഹെഡ്മാസ്റ്റർമാർക്ക് നിർദ്ദേശം നല്കിയിട്ടുള്ളത്; | (സി) | ഓപ്പൺ മാർക്കറ്റിൽ നിന്നാണ് തുണിത്തരങ്ങൾ വാങ്ങുന്നതെങ്കിൽ കമ്പനികൾ വാഗ്ദാനം ചെയ്ത നിരക്കുകളിൽ നിന്നും താഴ്ന്ന വിലയ്ക്ക് മാത്രമേ വാങ്ങാൻ പാടുള്ളൂ. ഗുണമേന്മ ഉറപ്പു വരുത്തുന്നതിനായി ഭാരത സർക്കാരിന്റെ ടെക്സ്റ്റയിൽ മന്ത്രാലയം അംഗീകരിച്ച ഒരു ലബോറട്ടറി നൽകുന്ന സർട്ടിഫിക്കറ്റു കൂടി ലഭ്യമാക്കേണ്ടതാണ്. |

| | |
|---|---|
| (ഡി) കേരള ഖാദി ബോർഡിന്റെ യൂണിഫോം തുണിത്തരങ്ങൾ വാങ്ങുമ്പോഴും മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ ബാധകമാണോ; വിശദമാക്കുമോ? | (ഡി) കേരള ഖാദി ബോർഡ് എംപാനൽ കമ്പനികളുടെ ഗണത്തിൽ ഉൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ